ഗുരുമാർഗം

സ്ത്രീയുടെ പിന്നാലെ പറ്റിള്ളടി അലഞ്ഞുതിരിഞ്ഞ് കാമ ചേഷ്ടകൾ കാട്ടി ഭ്രമിക്കുന്നതിന് ഒരുനിമിഷം പോലും ആഗ്രഹിക്കാനിടവരാതെ എന്റെ മനസിനെ ഭക്തിഭാവത്തിൽ ലയിപ്പിച്ച് ഏകീഭവിപ്പിക്കണം.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

തിരുവാതിര 52 - 52
നവമി 47 - 51
1940 ഫാൽഗുനം 24
1440 റജബ് 09
1194 മീനം 01

നിയമാധിഷ്ഠിത നീതി ക്രൂശിക്കപ്പെട്ടുകൂടാ

അഡ്വ. പി.എസ്. ശ്രീധരൻ പിള്ള

ഇന്ത്യൻ ക്രിമിനൽ നിയമക്രമത്തിന്റെ ആത്മാവ് എന്തെന്ന് ചോദിച്ചാൽ കിട്ടാവുന്ന ഉത്തരം നിയമാധിഷ്ഠിത നീതിയോട് അതിനുള്ള പ്രതിബദ്ധതയെന്നായിരിക്കും. ആയിരം കുറ്റവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെട്ടുകൂടാ എന്നത് നമ്മുടെ ക്രിമിനൽ നീതിയുടെ അടിസ്ഥാന പ്രമാണമാണ്. പക്ഷേ കോടതി മുറികളിൽ ന്യായാധിപൻ നിയമാധിഷ്ഠിത നീതിയിൽനിന്നും സൻമാർഗാധിഷ്ഠിത നീതിയിലേക്ക് വഴുതി മാറുമ്പോഴുണ്ടാകുന്ന ദുരന്തം വലുതാണ്. ഇത്തരമൊരു ദുരന്തചിത്രമാണ് സുപ്രീം കോടതിയിലെ മൂന്നംഗ ജഡ്ജിമാരുടെ 2019 മാർച്ച് 5 ലെ സുപ്രധാനമായ ഒരു വിധിന്യായം വിളിച്ചോതുന്നത്. ജഡ്ജി വ്യക്തിനിഷ്ഠനീതിയും ജഡ്ജിയധിഷ്ഠിത നീതിയും അവലംബിച്ചുകൂട. നമ്മുടെ നീതിക്രമം ഒന്നടങ്കം ഉറപ്പിച്ച നിർത്തിയിട്ടുള്ള അടിസ്ഥാന തത്വമാണിത്. എന്നാൽ സന്മാർഗത്തിന്റെ അളവുകോലിൽ കാര്യങ്ങളെ കാണുകയും നിയമാധിഷ്ഠിതനീതിയെ അവഗണിക്കുകയും ചെയ്യുന്നത് നീതിരംഗത്ത് വർദ്ധിച്ചവരുന്നു. നിയമവും സന്മാർഗസങ്കല്പവും പരസ്പരപൂരകങ്ങളായി നിറുത്തുന്നതിനപ്പുറം പോകുന്നത് അപകടമാണ്. സന്മാർഗ്ഗ നീതിക്കുവേണ്ടിയുള്ള നെട്ടോട്ടത്തിൽ നീതിയുടെ പെൻഡുലം ചരിയുമ്പോൾ തകരുന്നത് മനഷ്യജീവിതങ്ങളും മൗലികാവകാശങ്ങളുമാണെന്ന സത്യം ഇപ്പോഴത്തെ സുപ്രീം കോടതി വിധിന്യായം അടിവരയിട്ടു സൂചിപ്പിക്കുന്നു.

മഹാരാഷ്ട്രയിലെ നാടോടികളായ ആറ് പേരുടെ വധശിക്ഷയാണ് സുപ്രീം കോടതി ജഡ്ജിമാരായ ജ: എ.കെ.സിക്രി, ജ: എസ്.അബ്ദുൾ നസീർ, ജ: എം.ആർ.ഷാ എന്നവരടങ്ങുന്ന ബെഞ്ച് റദ്ദാക്കുകയും അവരെ കുറ്റക്കാരല്ലെന്ന് കണ്ട് വിട്ടയയ്ക്കുകയും ചെയ്തത്. അവരുടെ പേരിൽ കുറ്റങ്ങൾ തെളിയിക്കപ്പെട്ടവെന്ന് നാസിക്കിലെ വിചാരണ കോടതിയും ഹൈക്കോർട്ടും സുപ്രീംകോടതിയും കണ്ടെത്തിയതാണ്. വധശിക്ഷ വിധിക്കാൻ ഹേതുവായ കുറ്റം ഒരു വീട്ടിൽ അതിക്രമിച്ച് കയറി അഞ്ച് പേരെ കൊല്ലുകയും കൊള്ള നടത്തുകയും ഒരു സ്ത്രീയെ കൂട്ടമാനഭംഗം ചെയ്തുമുവെന്നമായിരുന്നു. സെഷൻസ് കോടതി ആറ് പ്രതികൾക്കും വധശിക്ഷ വിധിച്ചിരുന്നെങ്കിലും ഹൈക്കോടതി വധശിക്ഷ മൂന്ന് പേർക്കാക്കി ചുരുക്കിയിരുന്നു. എന്നാൽ തുടർന്ന് സംസ്ഥാന സർക്കാർ ഫയലാക്കിയ അപ്പീലിനെ തുടർന്ന് സുപ്രീംകോടതി വിട്ടയയ്ക്കൽ കാര്യം റദ്ദ് ചെയ്ത് ആറ് പേർക്കും വധശിക്ഷ നൽകുകയാണുണ്ടായത്. 2009 മുതൽ സുപ്രീംകോടതി വിധിപ്രകാരം വധശിക്ഷാ തടവുകാരായി ഇവരെല്ലാം ഏകാംഗ സെല്ലുകളിൽ കഴിയുകയായിരുന്നു. മാതാപിതാക്കൾക്കല്ലാതെ മറ്റാർക്കും ഇവരെ സന്ദർശിക്കാൻ അനുമതിപോലും നൽകാതെ നീണ്ട 10 കൊല്ലം ഒറ്റയ്ക്ക് മരണം കാത്ത് സെല്ലിൽ കഴിയുന്ന ജീവിതമായിരുന്നു അവരുടേത്. ഇത്തരം ജീവിതം നിമിത്തം മാനസിക രോഗിയായി മാറി ചികിത്സയിൽ കഴിയുന്നവരും ഇവരുടെ കൂട്ടത്തിലുണ്ട്. കേസിലെ പ്രതികൾ കുറ്റം ചെയ്തവരായി കാണാൻ വേണ്ട അവശ്യം തെളിവുകൾപോലുമില്ലെന്ന് ഇപ്പോൾ സുപ്രീംകോടതി കണ്ടെത്തിയിരിക്കുന്നു. യഥാർത്ഥ പ്രതികളുടെ നിര ഈ നോട്ടോടികൾക്കപ്പുറത്തേക്ക് നീങ്ങുന്നുവെന്നും കോടതി വിശ്വസിക്കുന്നു.

കേസിനാസ്പദമായ സംഭവം നടന്നത് നാസിക്കിലെ ഒരു വീട്ടിലായിരുന്നു. 2003 ൽ നടന്ന സംഭവത്തിൽ പ്രതികളായ ആറ് പേരും അന്ന് 25 വയസിനും 30 വയസ്സിനുമിടയിൽ പ്രായമുള്ള യുവാക്കളായിരുന്നു. സുപ്രീംകോടതി ഇവർ കുറ്റം ചെയ്തു എന്നതിന് തെളിവില്ല എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രതിക്കും 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാൻ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. കുറ്റത്തിലുൾപ്പെട്ട യഥാർത്ഥ പ്രതികളെ കണ്ടെത്താൻ നടപടികൾക്കും കുറ്റാന്വേഷകരുടെ പിഴവിനും വീഴ്ചയ്ക്കും ശിക്ഷണ നടപടികളെടുക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കുറ്റാന്വേഷണ ഏജൻസിയുടെ വീഴ്ചയുടെ പേരിലുള്ള സംശയത്തിന്റെ ആനുകൂല്യം പ്രതികൾക്കുള്ളതാണെന്നും കോടതി വിധിച്ചു.

2006 ജൂൺ 12 ന് കുറ്റക്കാരെന്ന് കണ്ടെത്തിയ ആറ് പ്രതികൾക്കും നാസിക് സെഷൻസ് കോടതി വധശിക്ഷയാണ് വിധിച്ചത്. സുപ്രീം കോടതി പ്രസ്തുത ശിക്ഷ സ്ഥിരപെടുത്തിയത് 2009 ലാണ്. പക്ഷേ വധശിക്ഷയിൽനിന്ന് മൂന്നുപേരെ ഒഴിവാക്കിയ ഹൈക്കോടതി വിധി സുപ്രീം കോടതി റദ്ദാക്കിയിരുന്നു. തുടർന്ന് ഒരു വ്യാഴവട്ടക്കാലത്തിലധികം ഏകാന്ത സെല്ലുകളിൽ അടയ്ക്കപ്പെട്ട അവസ്ഥയിലാണ് 6 പേരുമുണ്ടായിരുന്നത്.

സുപ്രീം കോടതി വിധിക്കെതിരെ പിന്നീട് ഫയലാക്കപ്പെട്ട പ്രതികളുടെ റിവ്യൂഹർജിയിലെ വിധിപ്രകാരം അപ്പീലിൻമേൽ മൂന്നംഗ ബെഞ്ച് കേസിന്റെ പുനർവാദം കേൾക്കുകയും കുറ്റക്കാരല്ലെന്ന് കണ്ട് എല്ലാവരെയും കുറ്റവിമുക്തരാക്കുകയും ചെയ്തു. സുപ്രീം കോടതിയുടെ ചരിത്രത്തിൽ മുൻപ് ഇത്തരമൊരു വിധിയുണ്ടായിട്ടില്ല. ഒരേപോലെ മൂന്ന് കോടതികൾ കണ്ടെത്തിയ ഒരു വസ്തുതയെ ശരിയല്ലെന്ന് കണ്ട് മറിച്ചൊരു വിധി റിവ്യൂഹർജിയെ തുടർന്നുണ്ടാവുന്നത് അത്യപൂർവമാണ്. കുറ്റകൃത്യത്തിൽ പൊലീസ് ലാഘവത്തോടെ ഇവരെ പ്രതികളാക്കി യഥാർത്ഥപ്രതികൾ രക്ഷപെടാനിടയാക്കിയെന്ന നിഗമനത്തിലേക്കാണ് സുപ്രീംകോടതി ഇപ്പോഴെത്തിയിട്ടുള്ളത്. കേസ് മുൻപ് കൈകാര്യം ചെയ്ത സെഷൻസ് കോടതിക്കും 3 പേരുടെ വധശിക്ഷ സ്ഥിരപെടുത്തിയ ഹൈക്കോടതിക്കും എല്ലാ പ്രതികൾക്കും വധശിക്ഷ ഏർപ്പെടുത്തിയ സുപ്രീം കോടതിക്കും തെളിവ് വിലയിരുത്തുന്നതിൽ അടിസ്ഥാനപരമായ പിഴവ് പറ്റിയെന്നാണ് ഇപ്പോഴത്തെ അന്തിമവിധി ചൂണ്ടികാട്ടിയിട്ടുള്ളത്. നിയമാധിഷ്ഠിത നീതിയുടെ ശവപറമ്പായി നമ്മുടെ കോടതികൾ മാറിയാലുണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവപൂർവം ചിന്തിക്കേണ്ടതു തന്നെയാണ്. 2009 ൽ സുപ്രീം കോടതി രണ്ടംഗ ബെഞ്ചിന്റെ വിധിക്കെതിരായി ഫയലാക്കിയ റിവ്യൂഹർജികൾ പരിഗണിക്കാൻ ഒരു ദശാബ്ദക്കാലം സുപ്രീംകോടതി എടുത്ത കാലതാമസത്തിന് എന്ത് ന്യായീകരണമാണുള്ളത് എന്ന ചോദ്യത്തിന് ആർക്കും ഉത്തരമില്ല. വധശിക്ഷ കാത്ത് ഏകാന്ത സെല്ലിൽ മതിയായ മനുഷ്യ സമ്പർക്കമില്ലാതെ കഴിഞ്ഞ നിരപരാധികളെ സംബന്ധിച്ചിടത്തോളം വൈകികിട്ടുന്ന നീതി നിഷേധിക്കപ്പെട്ട നീതിതന്നെയാണ്.

വധശിക്ഷ നടപ്പാക്കി കഴിഞ്ഞശേഷം വിധിച്ച നീതിപീഠത്തിന് തെറ്റുപറ്റിയെന്ന് ബോധ്യപ്പെട്ടാൽ നീതിക്രമത്തിൽ എന്ത് പരിഹാരമാർഗം എന്ന ചോദ്യത്തിന് ആർക്കും ഉത്തരമില്ല എന്നതാണ് സത്യം. സുപ്രീംകോടതിയിലും വിവിധ ഹൈക്കോടതികളിലും മികച്ച ന്യായാധിപൻമാരായി പ്രവർത്തിച്ച 14 പേർ 2012 ൽ രാഷ്ട്രപതിക്ക് നൽകിയ കത്തിലെ ഉള്ളടക്കം സകലരെയും ഞെട്ടിപ്പിക്കുന്നതായിരുന്നു. 1996 നു ശേഷം വധശിക്ഷ വിധിക്കുകയോ ശരിവയ്ക്കുകയോ ചെയ്ത 13 പേരുടെ കാര്യത്തിൽ ഈ വിധി പ്രസ്താവനകൾ തെറ്റായിരുന്നുവെന്നാണ് ഈ ന്യായാധിപന്മാർ ചൂണ്ടിക്കാട്ടിയത്. 'പെർഇൻക്യൂറിയം' വിധികളാണ് ഇവരുടെ കാര്യത്തിലുണ്ടായതെന്ന് സുപ്രീം കോടതി തന്നെ സമ്മതിച്ച സാഹചര്യത്തിലാണ് കത്തുകളയക്കപ്പെട്ടത്. നിയമം തെറ്റിയോ മനസ്സിലാക്കാതെയോ ന്യായാധിപൻ വിധി കൽപ്പിച്ച ജഡ്ജ്മെന്റുകളേയാണ് പെർ ഇൻക്യൂറിയം വിധികളെന്ന് നിയമം വിവക്ഷിക്കുന്നത്. വധശിക്ഷ വിധിക്കുന്ന കേസുകളിൽ ഇത്തരമൊരു വീഴ്ച ഒരിക്കലും സംഭവിക്കാൻ പാടില്ലായിരുന്നു.

> വധശിക്ഷയെ സ്റ്റേറ്റ് സ്പോൺസേർഡ് മർഡർ എന്ന് വിശേഷിപ്പിച്ചത് മഹാത്മാഗാന്ധിയാണ്

കുറ്റാന്വേഷണം ഒരു കലയാണ്. ശാസ്ത്രീയമായ അന്വേഷണ രീതിയാണ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ സ്വീകരിക്കേണ്ടത്. ഭരണഘടനാ വ്യവസ്ഥകൾ പഴുതുകളില്ലാതെ ഉറപ്പുവരുത്തിയശേഷം ആവശ്യമെങ്കിൽ മാത്രമേ ഒരാളെ പ്രതിയാക്കി അറസ്റ്റുചെയ്യാൻ പാടുള്ളൂ. ഇന്ത്യയിൽ നടക്കുന്ന 60 ശതമാനം അറസ്റ്റുകൾ നിയമവിരുദ്ധമോ അനാവശ്യമോ ആണെന്നും ഇത് പൊലീസിന് അഴിമതിക്കായുള്ള സ്രോതസ്സാണെന്നും ദേശീയ പൊലീസ് കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതിയും 1994 ൽ ഈ റിപ്പോർട്ടിലെ വസ്തുതകൾ അംഗീകരിച്ചിട്ടുണ്ട്.

വധശിക്ഷ നൽകുന്ന കേസുകളിൽ കോടതിക്ക് ഒരിക്കലും തെറ്റുപറ്റിക്കൂടാ.

കുറ്റകൃത്യങ്ങളെ ഒരു രോഗത്തേപോലെയാണ് സമീപിക്കേണ്ടത്. തിൻമയെ നൻമകൊണ്ടാണ് ചികിത്സിക്കേണ്ടത് മറിച്ച് ക്ഷോഭമുണ്ടാക്കരുത് എന്ന് പറഞ്ഞ വിക്ടർ ഹ്യൂഗോവിന്റെ വാക്കുകൾ നാസിക് കോടതി മുതൽ സുപ്രീം കോടതി വരെ ഈ കേസിൽ ബാധകമാണ്. വധശിക്ഷയെ സ്റ്റേറ്റ് സ്പോൺസേർഡ് മർഡർ എന്ന് വിശേഷിപ്പിച്ത് മഹാത്മാഗാന്ധിയാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ നിയമം എല്ലാവരെയും നോക്കി കുരയ്ക്കും പക്ഷേ കടിക്കുന്നത് പാവങ്ങളെയും അധികാരമില്ലാത്തവരെയും അക്ഷരാഭ്യാസമില്ലാത്തവരെയും അറിവില്ലാത്തവരെയും മാത്രം. സുപ്രീംകോടതിയുടെ ഇപ്പോഴത്തെ വിധി അധികാരസ്ഥാനങ്ങളുടെയും നീതിപീഠങ്ങളുടെയും കണ്ണുതുറപ്പിക്കാൻ പര്യാപ്തമാകട്ടെ എന്നാഗ്രഹിക്കാം.

പരീക്ഷാ നടത്തിപ്പിലെ പാളിച്ചകൾ

എം.ജി സർവകലാശാലയുടെ ബിരുദ പരീക്ഷയുടെ ഉത്തരക്കടലാസുകൾ ആലുവയിൽ ദേശീയ പാതയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ വാർത്ത വന്നതിന് തൊട്ടുപിറ്റേന്ന് എസ്.എസ്.എൽ.സി പരീക്ഷാപേപ്പറിനും അതേ ഗതി തന്നെ ഉണ്ടായതിൽ അത്ഭുതം തോന്നേണ്ട കാര്യമില്ല. പരീക്ഷാ നടത്തിപ്പ് എത്രമാത്രം അശ്രദ്ധയോടും വക തിരിവില്ലാതെയുമാണ് കൈകാര്യം ചെയ്യുന്നതെന്നതിന്റെ ഉദാഹരണങ്ങളാണിത്. പരീക്ഷാ നടത്തിപ്പിനായി മാത്രം അനേകം ഉദ്യോഗസ്ഥന്മാരെയാണ് ഓരോ വർഷവും നിയോഗിക്കുന്നത്. ഇങ്ങനെ നിയോഗിക്കപ്പെടുന്നവർക്ക് സാധാരണ ശമ്പളത്തിന് പുറമേ പ്രത്യേക അലവൻസും നൽകാറുണ്ട്. പല തട്ടുകളിൽ മേൽനോട്ടത്തിനും ആളുകളുണ്ട്. ഇതൊക്കെ ഉണ്ടായിട്ടും ഉത്തരക്കടലാസുകൾ മാത്രമല്ല ചോദ്യപേപ്പറും ചോർന്ന് പരീക്ഷകൾ അലങ്കോലപ്പെടുന്നത് അപൂർവമല്ല. എതാനും വർഷം മുൻപ് എസ്.എസ്.എൽ.സി പരീക്ഷയുടെ ഒന്നിലധികം ചോദ്യക്കടലാസുകൾ ചോർന്നതും പരീക്ഷ വീണ്ടും നടത്തേണ്ടിവന്നതും വലിയ കോളിളക്കം സൃഷ്ടിച്ചിരുന്നു. ചോദ്യങ്ങൾ ചോർന്ന വിവരം അന്ന് ആദ്യമായി പുറത്തുകൊണ്ടുവന്നത് കേരള കൗമുദി ആയിരുന്നു. ഈ സംഭവത്തെത്തുടർന്ന് പരീക്ഷാനടത്തിപ്പ് കുറ്റമറ്റതാക്കാൻ ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു. എന്നാൽ ഉത്തരവാദിത്വബോധമില്ലാത്തവരും പരീക്ഷാജോലികളിൽ കടന്നുകൂട്ടുന്നതിനാൽ ഇപ്പോഴുണ്ടായതുപോലുള്ള അനിഷ്ട സംഭവങ്ങൾ കൂടക്കൂടെ ഉണ്ടാകാറുണ്ട്.

നാലുലക്ഷത്തിലധികം കുട്ടികൾ എഴുതുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ കാലം ശ്വാസമടക്കിക്കൊണ്ടാണ് ഓരോ കുടുംബവും കഴിഞ്ഞുപോകുന്നത്. കുഴപ്പങ്ങൾ കൂടാതെ പരീക്ഷ സമാപിച്ചുകാണാൻ പ്രാർത്ഥനയോടെയാകും അവർ ദിവസങ്ങൾ തള്ളിനീക്കുന്നത്.

> പരീക്ഷകളുടെ ഏറ്റവും പ്രധാന ഘടകം വിശ്വാസ്യതയാണ്. ഉത്തരക്കടലാസുകൾ വഴിയിൽ നിന്നു ശേഖരിക്കേണ്ടിവരുന്ന അവസ്ഥ ഒരുതരത്തിലും ഭൂഷണമല്ല. ഇത്തരം വീഴ്ചകൾക്ക് കാരണക്കാരായവർക്ക് കഠിനശിക്ഷ നൽകുന്നതിലൂടെയാണ് തെറ്റ് ആവർത്തിക്കാതിരിക്കാനുള്ള വഴി തെളിയുന്നത്. പരീക്ഷക്കാലമായിട്ട് കൂടി പൊതുവിദ്യാഭ്യാസ വകുപ്പിന് നാഥനില്ലാത്ത അവസ്ഥയാണിപ്പോൾ.

പരീക്ഷാനടത്തിപ്പിലെ പാളിച്ചകൾ ഏറിയും കുറഞ്ഞും ഇപ്പോഴും മുഴച്ചുതന്നെ കാണാം. കോഴിക്കോട് ജില്ലയിൽ പേരമ്പ്രയിലെ കായണ്ണ ഗവൺമെന്റ് സ്കൂളിൽ കഴിഞ്ഞദിവസം നടന്ന ഭാഷാ വിഷയങ്ങളുടെ ഉത്തരക്കടലാസുകൾ റോഡിൽ അനാഥമായി കിടന്നത് നാട്ടുകാരുടെ കൈയിൽപെട്ടുകയായിരുന്നു. മലയാളം, സംസ്കൃതം, അറബിക് വിഷയങ്ങളുടെ ഉത്തരക്കടലാസുകളായിരുന്നു അവ. പ്രത്യേകം പ്രത്യേകം കെട്ടുകളാക്കി ബൈക്കിൽ പോസ്റ്റ് ഓഫീസിലേക്ക് കൊണ്ടുപോകവെ ഊർന്നുതാഴെ പോയതാണത്രെ. അങ്ങേയറ്റം ഉത്തരവാദിത്വത്തോടെ ചെയ്യേണ്ട ഒരു പ്രവൃത്തി എത്രമാത്രം അശ്രദ്ധയോടെയാണ് ഇതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ ചെയ്തതെന്ന് ഇതിൽനിന്നറിയാം. അൻപത്തഞ്ചു വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് ഇത്തരത്തിൽ റോഡിൽ വീണുപോയത് അതുകൊണ്ടുപോയ ആൾ അറിഞ്ഞതേയില്ല. നാട്ടുകാർ തക്ക സമയത്ത് പേഴ്സ് കെട്ടുകൾ കണ്ട് വിവരം സ്കൂളിൽ അറിയിച്ചതുകാരണം അവ നഷ്ടമായില്ലെന്ന സമാധാനിക്കാം. വല്ല സാമൂഹ്യവിരുദ്ധരുടെ കൈയിൽ പെട്ടിരുന്നെങ്കിൽ ആര് സമാധാനം പറയുമായിരുന്നു എന്ന് ചിന്തിക്കാവുന്നതാണ്. വിവരം കാട്ടുതീപോലെ പടർന്നതോടെ വിദ്യാഭ്യാസ വകുപ്പിലെ മേലാളന്മാരൊക്കെ എത്തി പരിശോധന നടത്തുകയും വീണെടുത്ത ഉത്തരക്കടലാസുകൾ തിരുവനന്തപുരത്തേക്ക് അയയ്ക്കാൻ വേണ്ട നടപടിയെടുക്കുകയും ചെയ്തു. എന്നാൽ ഉത്തരക്കടലാസുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വേണ്ടവിധം പാലിക്കപ്പെടാതെ പോയതെന്തുകൊണ്ട് എന്നന്വേഷിച്ച് ശിക്ഷാ നടപടി സ്വീകരിക്കുമ്പോഴേ ഈ അദ്ധ്യായത്തിന് അർത്ഥപൂർണമായ പരിസമാപ്തിയാകുന്നുള്ളൂ എന്നോർക്കണം.

പരീക്ഷകളും പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട ജോലികളും വളരെ ലാഘവത്തോടെ കാണുന്നതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത്. എം.ജി. സർവകലാശാലയുടെ ബി.എ പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയച്ചുമതലയുള്ള അദ്ധ്യാപികയുടെ കൈയിൽനിന്നാണ് റോഡിൽ വീണുപോയത്. വീട്ടിൽവച്ച് മൂല്യനിർണയം ചെയ്തുകൊള്ളേണ്ടിട മടക്കിക്കൊടുക്കാൻ പോയ വേളയിലാണത്രെ കുറെ എണ്ണം വഴിയിൽ നഷ്ടമായത്. ഓട്ടോറിക്ഷക്കാരാണ് അവ പെറുക്കിയെടുത്ത് അധികൃതരെ ഏല്പിച്ചത്. ബന്ധപ്പെട്ട അദ്ധ്യാപികയെയും മറ്റു മേൽ ഉദ്യോഗസ്ഥരെയുമൊക്കെ സസ്പെൻഡ് ചെയ്ത് സർവകലാശാല തങ്ങളുടെ പാപക്കറ കളയാൻ ശ്രമിക്കാതിരുന്നില്ല.

എന്നാൽ മൂല്യനിർണയവുമായി ബന്ധപ്പെട്ട് ഇതുപോലുള്ള സംഭവങ്ങൾ തുടരെത്തുടരെ ഉണ്ടായിട്ടും അദ്ധ്യാപകരുടെ വീടുകളിൽ വച്ചുള്ള മൂല്യനിർണയ സമ്പ്രദായം നിറുത്തലാക്കാൻ സർവകലാശാലയ്ക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെറിയ വീഴ്ചകൾ പോലും കുട്ടികളെയും രക്ഷിതാക്കളെയും ഏറെ ബാധിക്കും. വർഷംമുഴുവൻ നീണ്ട തയ്യാറെടുപ്പിനൊടുവിൽ എത്തുന്ന പരീക്ഷകളാണ് വിദ്യാർത്ഥികളുടെ ഭാവി ഭാഗധേയം നിർണയിക്കുന്നത്.

ചോദ്യങ്ങൾ തയ്യാറാകുന്നതുമുതൽ കുറ്റമറ്റ മൂല്യനിർണയം വരെ നീളുന്ന ഓരോ ഘട്ടവും സൂക്ഷ്മമായാണ് നടക്കുന്നതെന്ന് ഉറപ്പാക്കേണ്ട ബാദ്ധ്യത വിദ്യാഭ്യാസ വകുപ്പിനുണ്ട്. പരീക്ഷകളുടെ ഏറ്റവും പ്രധാന ഘടകം വിശ്വാസ്യതയാണ്. ഉത്തരക്കടലാസുകൾ വഴിയിൽ നിന്നു ശേഖരിക്കേണ്ടിവരുന്ന അവസ്ഥ ഒരുതരത്തിലും ഭൂഷണമല്ല.

ഇത്തരം വീഴ്ചകൾക്ക് കാരണക്കാരായവർക്ക് കഠിനശിക്ഷ നൽകുന്നതിലൂടെയാണ് തെറ്റ് ആവർത്തിക്കാതിരിക്കാനുള്ള വഴി തെളിയുന്നത്. പരീക്ഷക്കാലമായിട്ട് കൂടി പൊതുവിദ്യാഭ്യാസ വകുപ്പിന് നാഥനില്ലാത്ത അവസ്ഥയാണിപ്പോൾ. പരീക്ഷക്കടലാസുകൾ മാത്രമല്ല പരീക്ഷ തന്നെ ഒരുവഴിക്കായില്ലെങ്കിലേ അത്ഭുതമുള്ളൂ.

'മുതിർന്നവരെ ബഹുമാനിക്കാത്ത ആ കൊച്ചുപെണ്ണോ...'

വി.എസ്. രാജേഷ്

നെഹ്റുവിനുശേഷം ആര്? ഒരുകാലത്ത് ദേശീയ രാഷ്ട്രീയത്തിൽ ദശലക്ഷം ഡോളർ വിലയുള്ള ചോദ്യമായിരുന്നു ഇത്. മകൾ ഇന്ദിരയെ തന്റെ പിൻഗാമിയാക്കണമെന്നായിരുന്നു നെഹ്റുവിന് താത്പര്യം. മകൾ എന്നും നെഹ്റുവിന് ഒരു ദൗർബല്യമായിരുന്നു. എന്നാൽ നെഹ്റുവിന്റെ പിൻഗാമിയാകാൻ എല്ലാ കരുക്കളും നീക്കിയ മറ്റൊരാളുണ്ടായിരുന്നു. മൊറാർജി ദേശായ്. ലാൽബഹാദൂർശാസ്ത്രിയേക്കാൾ പ്രധാനമന്ത്രി സ്ഥാനത്തെത്താൻ യോഗ്യൻ താൻ തന്നെയാണെന്ന് മൊറാർജി ഉറച്ച് വിശ്വസിക്കുകയും അദ്ദേഹത്തിന്റെ മകൻ കാന്തിദേശായ് അതിനായി ചരടുവലി നടത്തുകയും ചെയ്തിരുന്നു. ഇന്ദിരയിൽ ഒരു എതിരാളിയെ മൊറാർജി കണ്ടിരുന്നില്ല.

പ്രശസ്ത പത്ര പ്രവർത്തകൻ അന്തരിച്ച കുൽദീപ് നയ്യാരുടെ ഈയിടെ പുറത്തിറങ്ങിയ 'ഓൺ ലീഡേഴ്സ് ആൻഡ് ഐക്കൺസ്-ഫ്രം ജിന്നാ ടു മോദി' എന്ന പുസ്തകത്തിൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പല രാഷ്ട്രീയ സംഭവവികാസങ്ങളും അനാവരണം ചെയ്യുന്നു. നയ്യാരുടെ മരണശേഷം പുറത്തിറങ്ങിയ ഈ പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ നിന്ന് മുൻ പ്രധാനമന്ത്രി മൻമോഹൻസിംഗ് വിട്ടു നിന്നത് വാർത്തയായിരുന്നു.

നെഹ്റുവിന്റെ പിൻഗാമിയായി ഇന്ദിര വരുമെന്ന് നയ്യാർ ചൂണ്ടിക്കാട്ടിയപ്പോൾ മൊറാർജിയുടെ പ്രതികരണം 'ആ മുതിർന്നവരെ ബഹുമാനിക്കാത്ത കൊച്ച പെണ്ണോ' എന്നായിരുന്നു.

നെഹ്റുവിന്റെ ആരോഗ്യം പ്രശ്നമായപ്പോൾ തന്നെ ലാൽ ബഹാദൂർ ശാസ്ത്രിയോട് പ്രധാനമന്ത്രിയാകാൻ ഒരുങ്ങിക്കോളുവെന്ന് കുൽദീപ് നയ്യാർ പറഞ്ഞിരുന്നു. നെഹ്റുവിന്റെ മനസ്സിൽ പുത്രിയല്ലാതെ മറ്റാരുമില്ലെന്നായിരുന്നു ശാസ്ത്രിയുടെ മറുപടി. നെഹ്റുവിന്റെ മരണശേഷം ഏകാഭിപ്രായത്തിലൂടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയെ നിശ്ചയിക്കാൻ കോൺഗ്രസ് പ്രസിഡന്റ് കാമരാജ് മുന്നോട്ടു വന്നെങ്കിലും മൊറാർജി വഴങ്ങിയില്ല. ഈ അവസരത്തിൽ നെഹ്റുവിന്റെ പിൻഗാമിയാകാൻ മൊറാർജി ശ്രമിക്കുന്നുണ്ടെന്ന വാർത്ത കുൽദീപ് നയ്യാർ റിപ്പോർട്ട് ചെയ്തു. ഇതോടെ കോൺഗ്രസിലെ ഭൂരിഭാഗവും മൊറാർജിക്ക് എതിരായി. അതോടെ ശാസ്ത്രിയെ പിൻഗാമിയായി നിയമിക്കാൻ കാമരാജിന് കാര്യങ്ങൾ എളുപ്പമായി. ശാസ്ത്രി ഏതു പൂട്ടും തുറക്കാൻ പറ്റിയ താക്കോലാണെന്ന് കാമരാജിന് അറിയാമായിരുന്നു. പിൻഗാമിയെക്കുറിച്ച് ചർച്ച ചെയ്ത അവസരത്തിൽ ശാസ്ത്രിയുടെയും ഇന്ദിരയുടെയും പേരുകൾ നെഹ്റു സൂചിപ്പിച്ചിരുന്നതായി കാമരാജ് പറഞ്ഞിട്ടുണ്ടെന്ന് നയ്യാർ എഴുതുന്നു. നെഹ്റുവിന്റെ ഉറ്റ അനുയായികൾ ഇന്ദിരയെ അടുത്ത പ്രധാനമന്ത്രിയാക്കാൻ ശ്രമിച്ചെങ്കിലും പൊതു സ്വീകാര്യത ശാസ്ത്രിക്കായിരുന്നു. സത്യസന്ധനായ രാഷ്ട്രീയ നേതാവായ കാമരാജിന്റെ മനസ്സിൽ ശാസ്ത്രിയും ഇന്ദിരയും ഉണ്ടായിരുന്നു. രണ്ടുപേരെയും ആ പദവികളിൽ എത്തിക്കുന്നതിൽ കാമരാജ് നിർണായക പങ്കുവഹിച്ചു. രണ്ടുവസരങ്ങളിലും മൊറാർജി പിന്തള്ളപ്പെട്ടു. മൊറാർജിയെ കാമരാജിനും താത്പര്യമില്ലായിരുന്നു. മൊറാർജിയുടെ സ്വഭാവത്തിന് മറ്റൊരു ഉദാഹരണം കൂടി. ജനതാ സർക്കാർ അധികാരത്തിൽ വന്ന് ഏതാനും മാസത്തിനുശേഷം അതിന്റെ ശില്പിയായ ജയപ്രകാശ് നാരായണൻ അമേരിക്കയിൽ ചികിത്സ കഴിഞ്ഞ് മടങ്ങിയെത്തി. എന്നാൽ വിമാനത്താവളത്തിൽ അദ്ദേഹത്തെ സ്വീകരിക്കാൻ പ്രധാനമന്ത്രി മൊറാർജിയടക്കം ആരും എത്തിയിരുന്നില്ല. ഇത് ജെ.പിയെ വല്ലാതെ വേദനിപ്പിച്ചു. എന്നാൽ ഇക്കാര്യം

ചൂണ്ടിക്കാട്ടിയ നയ്യാരോട് മൊറാർജി ക്ഷുഭിതനായി. 'ഗാന്ധിയെ ഞാൻ അങ്ങോട്ടുപോയിക്കണ്ടിട്ടില്ല. അതിലും വലിയ ആളൊന്നുമല്ലല്ലോ...ജെ.പി.' - മൊറാർജിയുടെ പ്രതികരണം നയ്യാരെ ഞെട്ടിച്ചു